# ‘പീഡനത്തിൻ നടുവിലെ ഭാഗ്യാവസ്ത’

## മത്തായി 5:11–12

**“എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നേ ഉപദ്രവിച്ചുവല്ലോ.”**

യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്ന സമയത്ത് ആദ്യമായി ഒരു ജനാവലിയെ അഭിസംബോധന ചെയ്യുന്നതായി എഴുതപ്പെട്ടിരിക്കുന്ന ഭാഗമാണ് നാം ഈ അദ്ധ്യായം ആദ്യം മുതൽ വായിക്കുമ്പോൾ കാണുന്നത്. വാക്യം 3 മുതൽ 11 വരെ 8 കാര്യങ്ങളാണ് കർത്താവ് പ്രധാനമായി അവരോട് പറയുന്നത്. അതിൽ 7 കാര്യങ്ങൾ ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം സ്വയം സംഭവിക്കാവുന്നതും, അവസാനമായി പറയുന്ന, നാം മേൽ വായിച്ച ഭാഗം, ബാഹ്യപ്രേരണയാലും സംഭവിക്കുന്നതാണ്. ഇവിടെ കർത്താവ് പറയുന്നത് അവനെ അനുഗമിക്കുന്നവന് അവന്റെ ജീവിതത്തിൽ എവിടെയെങ്കിലും വെച്ച് പീഢനം സഹിക്കേണ്ടതായി വരും. ഒരു വിശ്വാസിയെ സംബന്ധിച്ച് അവന്റെ ജീവിതത്തിൽ പീഢനം എന്നു പറയുന്നത് ഒരിക്കലും ഒഴിഞ്ഞുമാറാൻ പറ്റുന്ന ഒന്നല്ല. ജീവിതത്തിൽ വരുന്ന ഓരോ പീഢനങ്ങളിലും കൂടി കടന്നു പോയെങ്കിൽ മാത്രമേ നമ്മുടെ ജീവിതം പുതുക്കം പ്രാപിച്ച് വെണ്മയേറിയ മുത്തുകളായി തീരുകയുള്ളൂ. ജീവിതത്തിൽ കഷ്ടതകളും പീഢനങ്ങളും ഉണ്ടാകും എന്നല്ലാതെ ഒരിക്കലും കഷ്ടതകൾ നിങ്ങളുടെ ജീവിതത്തിൽ കടന്നു വരികയില്ല എന്ന് കർത്താവ് ഒരിക്കലും എവിടെയും പറഞ്ഞിട്ടില്ല.

നാം ജീവിതത്തിൽ അനുഭവിക്കുന്ന ഓരോ പീഢനങ്ങൾക്കും നമ്മുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നും അത് ഏറ്റവും മഹത്തരമായതാണെന്നും കർത്താവ് തുടർ വചനങ്ങളിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. ലോകപരമായി ഒന്നു ചിന്തിച്ചാൽ, ഇന്ന് നമുക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ രണ്ടോ മൂന്നോ ഇരട്ടി നിങ്ങൾക്കു തരാം പക്ഷേ നിങ്ങൾ 24 മണിക്കൂറും പണിയെടുക്കണം എന്നു പറഞ്ഞാൽ നാം ഒരു മടിയും കൂടാതെ അതു ചെയ്യും. നമ്മുടെ ജീവിതത്തിലും ആരോഗ്യത്തിലും ഉണ്ടാക്കിയേക്കാവുന്ന വിപത്തുകളോ അതിന്റെ പരിണിതഫലങ്ങളോ ഒന്നും നാം കണക്കാക്കിയെന്നു വരില്ല. നമ്മുടെ ലക്ഷ്യം ഒന്നു മാത്രമായിരിക്കും, എനിക്കു ലഭിക്കാൻ പോവുന്ന തുകയുടെ വലിപ്പം. പ്രിയരെ ഇന്നു നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നാം മറന്നു പോകരുതാത്ത ഒരു കാര്യമുണ്ട്, നമ്മെ സ്നേഹിച്ച, സ്നേഹിച്ചുകൊണ്ടിരിക്കുന്ന,

സ്നേഹിക്കുന്നവനായ കർത്താവ് ഒരിക്കലും നമ്മെ പാതിവഴിയിൽ ഉപേക്ഷിച്ചു കളയുന്നവനല്ല. നിത്യതയോളം നമ്മെ പരിപാലിച്ചുകൊള്ളാമെന്നുള്ളത് അവന്റെ നമ്മോടുള്ള വാഗ്ദത്തമാണ്. അപ്രകാരം വാഗ്ദത്തം ചെയ്തിട്ടുണ്ടെങ്കിൽ അവൻ അതു നിവർത്തിക്കുക തന്നെ ചെയ്യും. എന്നാൽ നാം അവനിൽ നിന്നു മാറിപ്പോകുവാനോ നമ്മുടെ ലക്ഷ്യങ്ങളെക്കുറിച്ച് സുബോധമില്ലാത്തവരായി മാറുവാനോ ഇടയാവരുത്.

ജീവിതത്തിന്റെ ഏതു സാഹചര്യത്തിലും ദൈവത്തെ മുൻ നിറുത്തി ജീവിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. അതുകൊണ്ടാണ് എബ്രായലേഖകൻ ഇപ്രകാരം പറയുന്നത്, "ആകയാൽ നാമും സാക്ഷികളുടെ ഇത്രവലിയോരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ." (എബ്രായർ 12:1–3). ദൈവ വചനത്തിനനുസരിച്ച് നമ്മുടെജീവിതങ്ങളെ ക്രമീകരിക്കുവാൻ ശ്രമിക്കുമ്പോൾ തീർച്ചയായും നാം പല തരത്തിലുള്ള പീഢകളും പ്രതികൂലങ്ങളും പ്രതിസന്ധികളും നേരിടേണ്ടി വരും. എന്നാൽ അവിടെയെല്ലാം നമ്മിൽ അധിവസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സാമീപ്യവും ശക്തിയും ഇത്തരത്തിലുള്ള ഏതൊരു സാഹചര്യത്തെയും മറികടക്കാൻ നമ്മെ പ്രാപ്തരാക്കും, നമ്മുടെ ഓട്ടം സ്തിരതയോടെ ഓടി ലക്ഷ്യത്തിലെത്തുവാൻ നമ്മെ സഹായിക്കും. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

റോമർ 12:1–2

സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ

ബ്രദർ. ബിനു ബേബി ആലപ്പുഴ 124